# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:5785

02.07.2019-ലെ മറുപടി

## കാലപ്പഴക്കം ചെന്ന ജലവിതരണ പൈപ്പുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | ജലവിതരണം നടത്തുന്നതിനായി സ്ഥാപിച്ചിരുന്ന കാലപ്പഴക്കം ചെന്ന എല്ലാ പൈപ്പുകളും മാറ്റി സ്ഥാപിച്ചിട്ടുണ്ടോ വിശദമാക്കുമോ; | (എ) | ഇല്ല. രാജഭരണകാലത്ത് സ്ഥാപിച്ച പൈപ്പുകൾ ഉൾപ്പെടെയുള്ളവയും പിന്നീട് പൊതുജനാരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി എന്നിവ നടപ്പിലാക്കിയ പല പദ്ധതികളും പൂർണ്ണമായോ ഭാഗികമായോ ഇപ്പോഴും ഉപയോഗപ്പെടുത്തുന്നുണ്ട്. ആയതിനാൽത്തന്നെ കാലപ്പഴക്കം ചെന്ന ഇത്തരം പൈപ്പ്ലൈനുകൾ ഒന്നിച്ച് മാറ്റുന്നത് സാമ്പത്തിക ബാദ്ധ്യത വരുന്നതും സാങ്കേതിക സാദ്ധ്യതയില്ലാത്തതുമാണ്. അതുകൊണ്ട് ഇത്തരത്തിൽ കാലപ്പഴക്കം ചെന്നവയിൽ പഴയതും കേടായതുമായ പൈപ്പുകൾ വിവിധ ധനസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്.<br>1. സംസ്ഥാന ബജറ്റിലെ പദ്ധതി വിഹിതത്തിൽ നിന്നും എല്ലാ വർഷവും "ഓപ്റ്റിമൈസേഷൻ" വിഭാഗത്തിൽ ഇത്തരം വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നു.<br>2. കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ഒൻപത് നഗരങ്ങളിൽ |

| ചോദ്യം | | | മറുപടി |
|---|---|---|---|
| | | | കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി കേരള ജല അതോറിറ്റിക്ക് ഭരണാനുമതി ലഭിച്ച 1050.86 കോടി രൂപയുടെ പ്രവൃത്തികളിൽ 146.05 കോടി രൂപയുടെ പ്രവൃത്തികൾ കാലപ്പഴക്കം ചെന്ന പൈപ്പുകളും മോട്ടോറുകളും മാറ്റി പുതിയവ സ്ഥാപിച്ച് അതുവഴി ജല ചോർച്ച ഒഴിവാക്കുവാൻ വേണ്ടിയുള്ളതാണ്. ഈ പ്രവൃത്തികൾ ' വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.<br>3. 2016-17 ലെ പുതുക്കിയ ബജറ്റ് പ്രസംഗം പ്രകാരം നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ പതിനൊന്നു സർക്കിൾ ഓഫീസുകളുടെ പരിധിയിൽ നടപ്പിലാക്കാനായി 433.33 കോടി രൂപയുടെ പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇവയിൽ പത്ത് സർക്കിളുകളിലെ പ്രൊപ്പോസലുകൾക്ക് 382.64 കോടി രൂപക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരികയുമാണ്. ബാക്കിയുള്ള കൊച്ചി സർക്കിളിന്റെ പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്.<br><br>പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തി, എം. എൽ. എ, എം. പി, എന്നിവരുടെ ഫണ്ട് ലഭ്യമാക്കിയും പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ഇപ്പോൾ ജലവിതരണത്തിനായി സ്ഥാപിക്കുന്നത് ഏതുതരം പൈപ്പാണ്; പഴയ പ്രിമോ പൈപ്പുകൾ ഇപ്പോൾ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ട്; ഇവ പൂർണ്ണമായി മാറ്റി സ്ഥാപിക്കുന്നതിന് എത്ര കാലം വേണ്ടി വരും; വ്യക്തമാക്കുമോ; | (ബി) | ഇപ്പോൾ ജലവിതരണത്തിനായി കേരള വാട്ടർ അതോറിറ്റി താഴെപ്പറയുന്ന പൈപ്പുകൾ സ്ഥാപിച്ചു വരുന്നു.<br>1. കാസ്റ്റ് അയൺ.<br>2. ഡക്ടൈൽ അയൺ.<br>3. മൈൽഡ് സ്റ്റീൽ.<br>4. ഗാൽവനൈസ്ഡ് അയൺ. |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | 5. പി. വി. സി.<br>6. പി.ഇ. (പോളി എത്തിലീൻ - മീഡിയം ഡെൻസിറ്റി & ഹൈ ഡെൻസിറ്റി)<br><br>പഴയ പ്രിമോ പൈപ്പുകൾ ഇപ്പോൾ തിരുവനന്തപുരം, പത്തനംതിട്ട, തൃശ്ശൂർ, കൊച്ചി. കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ വാട്ടർ അതോറിറ്റി സർക്കിളുകളുടെ പരിധിയിൽ നിലവിലുണ്ട്.<br>മലപ്പുറം ജില്ലയിലെ തിരൂരിൽ പ്രിമോ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു.<br>പ്രിമോ പൈപ്പുകൾ പൂർണ്ണമായി മാറ്റി സ്ഥാപിക്കുവാൻ എത്ര കാലം വേണ്ടി വരുമെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല. എന്നാൽ വിവിധ ഫണ്ടുകളുടെ ലഭ്യതക്കനുസരിച്ച് ഇവ മാറ്റി സ്ഥാപിക്കുന്നതിന് മുന്തിയ പരിഗണന നൽകി വരുന്നു. |
| (സി) | ഗാർഹിക കണക്ഷനുകൾ കൂടുന്നതിനനുസരിച്ച് ഉയർന്ന പ്രദേശങ്ങളിലെ ജലവിതരണത്തിന്റെ തോത് കുറയുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇതിന് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ടോ? | (സി) | ഉണ്ട്. ഇത് പരിഹരിക്കുവാൻ താഴെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു.<br>1. കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേക്ക് പൈപ്പ്ലൈനുകൾ നീട്ടി കുടിവെള്ളം എത്തിക്കുന്നു.<br>2. വാൽവുകൾ ക്രമീകരിച്ച് കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നു.<br>3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ് എന്നിവ മുഖാന്തിരം ടാങ്കർ ലോറികൾ വഴി കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നു.<br>4. ടാങ്കർ ലോറികൾ വഴിയുള്ള കുടിവെള്ള വിതരണം സുഗമമാക്കുവാൻ വേണ്ടി ഹൈഡ്രന്റുകളും വെൻഡിംഗ് പോയിന്റുകളും സ്ഥാപിക്കുന്നു.<br>5. പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന അറ്റകുറ്റ പണികൾ സമയബന്ധിതമായി പരിഹരിച്ചും പമ്പ്, മോട്ടോർ, വാൽവ് എന്നിവയിലുണ്ടാകുന്ന തകരാറുകൾ അടിയന്തിരമായി പരിഹരിച്ച് കുടിവെള്ള |

| ചോദ്യം | മറുപടി |
|---|---|
| | ലഭ്യത ഉറപ്പ് വരുത്തുന്നു.<br>6. സാങ്കേതികമായി സാദ്ധ്യമായ സ്ഥലങ്ങളിൽ പൈപ്പ്ലൈനുകളിൽ ഇന്റർകണക്ഷൻ വർക്കുകൾ നടത്തി കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നു.<br>7. പമ്പ് ഹൗസുകളുടെ സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കുവാൻ വേണ്ടി താൽക്കാലിക തടയണകൾ സ്ഥാപിക്കുന്നു. ഇതുവഴി പമ്പിംഗ് മുടങ്ങാതെ നടത്തുവാൻ സാധിക്കുന്നു.<br>8. ജലലഭ്യതയുള്ള പദ്ധതികളിൽ പമ്പിംഗ് സമയം കൂട്ടി കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നു.<br>9. ശുദ്ധജല ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തുന്നു.<br>10. കെ.എസ്.ഇ.ബി.യുമായി ആലോചിച്ച് വൈദ്യുതി തടസ്സം ഒഴിവാക്കി പമ്പിംഗ് തുടർച്ചയായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.<br><br>കൂടാതെ സംസ്ഥാനത്തിലെ വിവിധ സ്ഥലങ്ങളിൽ നിലനിൽക്കുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിലേക്കായി കിഫ്ബി, അമൃത്, നബാർഡ്, സ്റ്റേറ്റ് പ്ലാൻ, എൻ.ആർ.ഡി.ഡബ്ല്യു.പി, നീതി ആയോഗ്, എം.എൽ.എ.എ.ഡി.എഫ് എന്നീ ഫണ്ടുകൾ വിനിയോഗിച്ച് പുതിയ കുടിവെള്ള പദ്ധതികൾ (ജലശുദ്ധീകരണ ശാലകളും വിതരണ ശൃംഖലകളും ഉൾപ്പടെ) നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**